**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2043**

06-02-2019 ൽ മറുപടിയ്ക്ക്

**അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ജെ.മാക്സി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് ലീഡിംഗ് ഫയർമാൻ, ഡ്രൈവർ, മെക്കാനിക്ക് വിഭാഗം ജീവനക്കാർ എന്നിവർക്ക് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അനുപാതം എന്താണ്; | എ) 9 : 1 |
| ബി) | കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ 9:1 എന്ന അനുപാതത്തിൽ ജീവനക്കാർക്ക് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നത് ജീവനക്കാരുടെ എണ്ണം മാനദണ്ഡമാക്കിയാണോ; വ്യക്തമാ ക്കുമോ; | ബി) അല്ല. ഉണ്ടാകുന്ന ഒഴിവുകളെ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നത്. |
| സി) | ആഭ്യന്തര വകുപ്പിന്റെ ഉത്തരവ് നം.ജി.ഒ(ആർ.ടി) 1574 തീയതി 16.06.2017 നിലനിൽക്കെ അഗ്നി രക്ഷാനിലയങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്ററെ മറി കടന്ന് ഫയർമാന് ജനറൽ ഡയറി ഉൾപ്പെടെയുള്ള അധികാരങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) ഇല്ല. 10-01-2018 ലെ സ്റ്റാന്റിംഗ് ഉത്തരവ് നം.1/18 പ്രകാരം സ്റ്റേഷൻ ചാർജ്ജ്, ജി.ഡി.ചാർജ്ജ് എന്നിവ സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിനി ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിൽ ഒഴിച്ച് മറ്റെല്ലാ സ്റ്റേഷനുകളിലും സ്റ്റേഷന്റെ ചുമതല സ്റ്റേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. സ്റ്റേഷൻ ഓഫീസറുടെ അഭാവത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർക്കായിരിക്കണം സ്റ്റേഷൻ ചാർജ്ജ്. മറ്റാർക്കും സ്റ്റേഷൻ ചാർജ്ജ് കൊടുക്കുവാൻ പാടുള്ളതല്ല. എന്നാൽ മിനി ഫയർസ്റ്റേഷനുകളിൽ സ്റ്റേഷൻ ഓഫീസർ തസ്തിക ഇല്ലാത്തതിനാൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർക്കാണ് സ്റ്റേഷൻ ചുമതല. അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ അഭാവത്തിൽ ലീഡിംഗ് ഫയർമാനായിരിക്കണം സ്റ്റേഷൻ ചാർജ്ജ് നൽകേണ്ടത്. മറ്റാർക്കും സ്റ്റേഷൻ ചാർജ്ജ് നൽകുവാൻ പാടുള്ളതല്ല. |

സെക്ഷൻ ഓഫീസർ